വി.എസ്. അച്യുതാനന്ദൻ

നേരിനൊപ്പം

27.11.2008

എല്ലാവർക്കും ഭൂമി, എല്ലാവർക്കും താമസസ്ഥലം എന്നത് ഏറ്റവും അടിസ്ഥാനപരമായ ആവശ്യമാണ്. എന്നാൽ ഏറ്റവും വികസിതമായ രാഷ്ട്രങ്ങൾക്കുപോലും ആ ലക്ഷ്യത്തിലെത്താൻ കഴിഞ്ഞിട്ടില്ല. വികസിത യൂറോപ്യൻ രാഷ്ട്രങ്ങളിലും അമേരിക്കയിലുമെല്ലാം പാർപ്പിടപ്രശ്നം രൂക്ഷമാണ്. കുടിയൊഴിപ്പിക്കൽ തടഞ്ഞുകൊണ്ടും കൃഷിഭൂമി കൃഷിക്കാരന്റേതാക്കിക്കൊണ്ടും കുടികിടപ്പവകാശം ലഭ്യമാക്കിക്കൊണ്ടും ഭൂപരിഷ്ക്കരണം നടപ്പാക്കി മാതൃക സൃഷ്ടിച്ച കേരളം പാർപ്പിടത്തിന്റെ കാര്യത്തിലും മാതൃകസൃഷ്ടിക്കാൻ പോവുകയാണ്. ഭൂരഹിതരായ മുഴുവൻ കുടുംബങ്ങൾക്കും ഭൂമി, ഭവനരഹിതരായ മുഴുവൻ കുടുംബങ്ങൾക്കും വാസയോഗ്യമായ വീട് എന്നത് അടുത്ത രണ്ട് വർഷത്തിനകം കൈവരിക്കുകയാണ് ലക്ഷ്യം. അതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതി എൽ.ഡി.എഫ്. ഗവൺമെന്റിന്റെ രണ്ടാം വാർഷികവേളയിൽ ആരംഭിച്ച കാര്യം മുമ്പ് ഈ പംക്തിയിൽ വിവരിക്കുകയുണ്ടായി. ഭൂരഹിതരായ മുഴുവൻ കുടുംബങ്ങൾക്കും വീടുവെക്കാൻ ഒരു തുണ്ടു ഭൂമിയെങ്കിലും ലഭ്യമാക്കുന്നതിന് ഊർജ്ജിതയത്നവും ആരംഭിച്ചു. ഒക്ടോബർ അഞ്ച് മുതൽ ഒരു മാസം എല്ലാ ജില്ലകളിലുമായി നടത്തിയ ഭൂവിതരണമേളയിൽ ആയിരക്കണക്കിനു കുടുംബങ്ങൾക്ക് ഭൂമി നൽകുകയും ചെയ്തു. അന്യാധീനപ്പെട്ട ഭൂമി വീണ്ടെടുത്തതിൽ നല്ലൊരു ഭാഗം ഭൂരഹിതർക്ക് വിതരണം ചെയ്യാനും നടപടിയെടുത്തു. മൂന്നാറിൽ മാത്രം 1662 ഏക്കർ ഭൂമി ഭൂരഹിതർക്ക് വിതരണം ചെയ്യാൻ ഉത്തരവിടുകയും തുടർനടപടികൾ ആരംഭിക്കുകയും ചെയ്തു.

ഈ പശ്ചാത്തലത്തിലാണ് കഴിഞ്ഞ ദിവസം സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ സംഘടനകളുടെ യോഗം വിളിച്ച് സ്പെഷൽ പാക്കേജ് സംബന്ധിച്ച് ചർച്ച നടത്തിയത്. ഭവനരഹിതരിലും ഭൂരഹിതരിലും വലിയൊരു ഭാഗം പട്ടികജാതി-പട്ടികവർഗത്തിൽപ്പെട്ടവരാണ്. ഭൂമി അന്യാധീനപ്പെട്ട പട്ടികവർഗ കുടുംബങ്ങൾക്ക് ചുരുങ്ങിയത് ഒരേക്കർ ഭൂമിയും വീടും മറ്റ് പുനരധിവാസ സൗകര്യങ്ങളും ലഭ്യമാക്കൽ നിലവിലുള്ള പദ്ധതിയാണ്. കണ്ണൂർ ജില്ലയിലെ ആറളംഫാമിൽ 1717 കുടുംബങ്ങൾക്കടക്കം രണ്ടായിരത്തഞ്ഞൂറോളം കുടുംബങ്ങൾക്ക് ആ പദ്ധതി പ്രകാരം ഭൂമി നൽകി കഴിഞ്ഞു. അവിടെ ഭവനനിർമ്മാണവും അടിസ്ഥാന അനുബന്ധ സൗകര്യവികസനപ്രവൃത്തികളും നടക്കുന്നു.

പട്ടികജാതി - പട്ടികവർഗ വിഭാഗക്കാർക്കും മറ്റർഹ വിഭാഗങ്ങൾക്കും സ്ഥലവും വീടും ലഭ്യമാക്കുന്നതിന് അയ്യായിരം കോടി രൂപയുടെ ഒരു പാക്കേജാണ് സർക്കാർ തയ്യാറാക്കിയിട്ടുള്ളത്. എസ്.സി-എസ്.ടി. സംഘടനാപ്രതിനിധികളുടെ യോഗത്തിൽ അത് അവതരിപ്പിക്കുകയും ചർച്ചയ്ക്ക് വിധേയമാക്കുകയും ചെയ്തു.

പട്ടികജാതി വിഭാഗത്തിൽ 68148 കുടുംബങ്ങൾ ഭൂരഹിതരായും 64,645 കുടുംബങ്ങൾ ഭവനരഹിതരായും ഉള്ളതായാണ് കണക്ക്. ഈ രണ്ട് വിഭാഗവുംകൂടി ചേർത്ത് ഒട്ടാകെ 1,33,000ത്തോളം പട്ടികജാതി കുടുംബങ്ങൾ ഭവനരഹിതരായി ഉണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽ 35,000ത്തോളം ഭവനരഹിത കുടുംബങ്ങളുണ്ട്. ഇവർക്കെല്ലാം ഭൂമിയും വീടും ലഭ്യമാക്കുന്നതിനാണ് പദ്ധതി.

1,33,000 കുടുംബങ്ങൾക്ക് 75,000 രൂപ തോതിൽ വീടുവെക്കുന്നതിന് ചെലവുവരുന്നത് 997.5 കോടി രൂപയാണ്. ഇവർക്ക് ഭൂമി നൽകുന്നതിനായി റവന്യൂ വകുപ്പ് 5000 ഏക്കർ സ്ഥലം കണ്ടെത്തും. ബാക്കി വരുന്നവർക്ക് ഭൂമി വാങ്ങുന്നതിനായി ധനസഹായം നൽകുവാൻ മറ്റൊരു 300 കോടി രൂപ കൂടി വേണം. ഒട്ടാകെ പട്ടികജാതി വിഭാഗങ്ങൾക്ക് വീടും സ്ഥലവും നൽകുന്നതിന് വേണ്ടിവരുന്ന തുക 1300 കോടി രൂപയോളം വരും. പട്ടികജാതി വികസന വകുപ്പ് വർഷംതോറും ഗ്രാന്റ്-ഇൻ-എയ്ഡായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 480 കോടി രൂപയോളം നൽകി വരുന്നുണ്ട്. അടുത്ത മൂന്നു വർഷത്തേക്കുള്ള വിഹിതം 1400 കോടി രൂപയോളം വരും. ഈ തുക പൂർണ്ണമായും വിനിയോഗിച്ച് ഭവനനിർമ്മാണ പദ്ധതി പൂർത്തിയാക്കുകയാണ് ലക്ഷ്യം.

പട്ടികവർഗ്ഗ വിഭാഗത്തിന് 35,000 കുടുംബങ്ങൾക്ക് ഭവനനിർമ്മാണത്തിനായി ഒരു ലക്ഷം രൂപ വീതം 350 കോടി രൂപ വേണ്ടി വരും. പട്ടികവർഗ്ഗ വികസനവകുപ്പിലെ ഗ്രാന്റ്-ഇൻ-എയ്ഡ് അടുത്ത 3 വർഷത്തേത് 220 കോടി രൂപയോളമാണ്. ശേഷിക്കുന്ന തുക കൂടി പട്ടികവർഗ്ഗ വികസനവകുപ്പിൽ നിന്ന് കണ്ടെത്തി എല്ലാവർക്കും വീട് നിർമ്മിച്ചു കൊടുക്കും.

ഭൂരഹിത പട്ടികജാതി കുടുംബങ്ങൾക്ക് വീടുവെക്കുന്നതിനായി ഒരു കുടുംബത്തിന് ചുരുങ്ങിയത് 3 സെന്റ് മുതൽ 10 സെന്റ് വരെ ഭൂമി വിതരണം ചെയ്യും. സ്ഥലം വാങ്ങുന്നതിന് ഒരു ഗുണഭോക്താവിന് 50,000 രൂപ വീതമായിരിക്കും നൽകുക.

പട്ടികജാതി-പട്ടികവർഗ്ഗ മറ്റർഹവിഭാഗങ്ങൾക്ക് സ്ഥലവും വീടും ലഭ്യമാക്കുന്നതിനുള്ള പദ്ധതി ഫലപ്രദമായി നടപ്പാക്കുന്നതിന് മുഖ്യമന്ത്രി ചെയർമാനായും പട്ടികവിഭാഗ

ക്ഷേമ മന്ത്രിയും റവന്യൂ മന്ത്രിയും വൈസ് ചെയർമാന്മാരായും, ധനമന്ത്രി, തദ്ദേശസ്വയം ഭരണ മന്ത്രി, വനം-ഭവന മന്ത്രി എന്നിവർ അംഗങ്ങളായും മന്ത്രിസഭാ ഉപസമിതി രൂപീകരിക്കാൻ നിശ്ചയിച്ചിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിനും വിശദമായ കർമ്മപദ്ധതി ആവിക്കരിക്കുന്നതിനും ഒരു സെക്രട്ടറിതല സമിതിയും രൂപവൽക്കരിക്കും.

പട്ടികജാതി-പട്ടികവർഗ സംഘടനകൾ പൊതുവിൽ ഈ പാക്കേജിനെ ഏറെ സന്തോഷത്തോടെയാണ് സ്വീകരിച്ചത്. ചെങ്ങറയിൽ അപ്രായോഗിക ആവശ്യങ്ങൾ ഉന്നയിച്ച് അരാജക സമരം നടത്തുന്നതിന് നേതൃത്വം നൽകുന്നവർ മാത്രമാണ് നിർദ്ദേശങ്ങളെ എതിർത്തത്. ജാതി സംവരണത്തെവരെ തള്ളിപ്പറയുകയാണവർ യോഗത്തിൽ ചെയ്തത്. സർക്കാർ തയ്യാറാക്കിയ പാക്കേജ് സമയബന്ധിതമായി നടപ്പാക്കുന്നതിന് പട്ടികജാതി-പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവരും മറ്റ് വിഭാഗങ്ങളും ആത്മാർത്ഥമായി സഹകരിക്കുമെന്ന വികാരമാണ് യോഗത്തിൽ മൊത്തത്തിൽ പ്രകടമായത്.

അധഃസ്ഥിത ജനവിഭാഗങ്ങളുടെ ഉന്നമനത്തിനുവേണ്ടി കഴിഞ്ഞ രണ്ടര വർഷമായി സർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പരിപാടികൾ യോഗത്തിൽ വിശദീകരിച്ചപ്പോഴും സംഘടനാ ഭാരവാഹികൾ പൊതുവിൽ സർവാത്മനാ അംഗീകരിക്കുന്ന സമീപനമാണുണ്ടായത്. എസ്.സി.-എസ്.ടി. വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യത്തിൽ 50 ശതമാനം വർദ്ധന വരുത്തി എന്നുമാത്രമല്ല 44 കോടി രൂപയുടെ കുടിശ്ശികയും വിതരണം ചെയ്തു. വകുപ്പുകൾക്ക് കീഴിലുള്ള വിവിധ ഹോസ്റ്റലുകൾ നവീകരിക്കുന്നതിനും നടപടി സ്വീകരിച്ചു. ഇതിനായി 13 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം പൂർത്തിയാകുന്നതോടെ എല്ലാ ഹോസ്റ്റലുകളും നവീകരിക്കുകയാണ് ലക്ഷ്യം. ഇതോടൊപ്പം പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനും ആവശ്യമായ തുക വിനിയോഗിച്ചു. വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട ഭക്ഷണം ഉറപ്പുവരുത്തുന്നതിനായി മെസ് അലവൻസ് വർദ്ധിപ്പിച്ചു. ആവശ്യമെങ്കിൽ തുക ഇനിയും വർദ്ധിപ്പിക്കും. സമ്പൂർണ്ണ വൈദ്യ സഹായ പദ്ധതിയും പ്രഖ്യാപിച്ചു കഴിഞ്ഞു. സ്വാശ്രയ കോഴ്സുകൾക്ക് ചെലവാകുന്ന ഫീസ് നൽകാൻ തീരുമാനിച്ചു. ലാറ്ററൽ എൻട്രിയിലൂടെ പ്രവേശനം ലഭിക്കുന്നവർക്കും വിദ്യാഭ്യാസ ആനുകൂല്യം നൽകാൻ നടപടിയെടുത്തു. പട്ടിക വിഭാഗങ്ങളുടെ തനത് പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിനും അവരുടെ സാമൂഹ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിനും പട്ടികജാതി പട്ടികവർഗ്ഗ കമ്മീഷൻ രൂപീകരിച്ചത് ഒരു നാഴികക്കല്ലാണ്. പട്ടികവർഗ്ഗ ഊരുകളിൽ മിനിമം ഗ്യാരന്റി തുക ഒഴിവാക്കി കുടിശ്ശിക തീർത്ത് വൈദ്യുതിബന്ധം പുനഃസ്ഥാപിച്ചു നൽകി. മെഡിക്കൽ കൗൺസിലിന്റെ മാർഗ്ഗനിർദ്ദേശങ്ങളെ തുടർന്ന് മെഡിക്കൽ പ്രവേശനത്തിനുണ്ടായ ബുദ്ധിമുട്ട് പരിഹരിക്കാൻ ശക്ത

മായ നടപടിയാണ് സർക്കാർ സ്വീകരിച്ചത്. വ്യാജ ജാതി സർട്ടിഫിക്കറ്റ് നൽകി സർക്കാർ - പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി കരസ്ഥമാക്കുന്നത് തടയുന്നതിന് ഫലപ്രദമായ മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്. ജാതി സർട്ടിഫിക്കറ്റ് നൽകുന്ന കാര്യത്തിൽ ചില നിബന്ധനകൾ ഇതിനകം കൊണ്ടുവന്നു കഴിഞ്ഞു. മിശ്രവിവാഹിതരുടെ കുട്ടികളുടെ ജാതി നിർണ്ണയിക്കേണ്ടത് അച്ഛന്റെ ജാതിയുടെ അടിസ്ഥാനത്തിലാകണമെന്ന സുപ്രീംകോടതി വിധി ഒട്ടനവധി ബുദ്ധിമുട്ടുകൾക്കും പ്രയാസങ്ങൾക്കുമാണ് വഴിവച്ചത്. ഇക്കാര്യത്തിലും അനുകൂലമായ തീരുമാനം കൈക്കൊണ്ടു കഴിഞ്ഞു.

ആദിവാസികൾക്കും മറ്റ് പരമ്പരാഗത വനവാസികൾക്കും വനഭൂമിയിൽ അവകാശം നൽകുന്നതിനുള്ള വനാവകാശ നിയമം ഫലപ്രദമായും സമയബന്ധിതമായും നടപ്പാക്കാൻ നടപടികൾ സ്വീകരിച്ചു വരികയാണ്. ഈ നിയമം നടപ്പിലാവുന്നതോടെ സംസ്ഥാനത്ത് നിലനിൽക്കുന്ന ആദിവാസി ഭൂപ്രശ്നം പൂർണ്ണമായും പരിഹരിക്കാനാവുമെന്നാണ് പ്രതീക്ഷ. അടുത്ത ഏപ്രിൽ അവസാനത്തോടെ ഈ പ്രക്രിയ പൂർത്തിയാക്കുകയാണ് ലക്ഷ്യം. അതോടെ ഈ നിയമം ആദ്യം നടപ്പിലാക്കുന്ന സംസ്ഥാനമെന്ന ബഹുമതിക്ക് കേരളം അർഹമാകും.

പട്ടികവിഭാഗങ്ങളുടെ വികസന-ക്ഷേമ കാര്യങ്ങളിൽ കഴിഞ്ഞ രണ്ടര വർഷക്കാലമായി ഗവൺമെന്റ് സ്വീകരിച്ചുവരുന്ന നടപടികളിൽ ബന്ധപ്പെട്ട സംഘടനകളുടെ അഭിപ്രായങ്ങൾകൂടി പരിഗണിച്ച് മുന്നോട്ടു പോവുകയാണ് സർക്കാർ. അതിന്റെ ഭാഗമായിക്കൂടിയാണ് പട്ടികവിഭാഗസംഘടനകളുടെ യോഗം വിളിച്ചത്. യോഗത്തിൽ പങ്കെടുത്ത 27 സംഘടനകളിൽ ബഹുഭൂരിപക്ഷവും സർക്കാർ സ്വീകരിച്ച നടപടികളിൽ സംതൃപ്തിയും പിന്തുണയും രേഖപ്പെടുത്തിയത് ഈ മേഖലയിൽ നടത്തിയ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമാണ്.